**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3427 18/02/2013-ൽ മറുപടിയ്ക്ക്

**കർഷകത്തൊഴിലാളി കോർപ്പസ് ഫണ്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | **ശ്രീ. കെ.പി.മോഹനൻ** (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള 'കോർപ്പസ് ഫണ്ടിന്റെ' പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | എ) കേരള കർഷകത്തൊഴിലാളി ചട്ടത്തിലെ അദ്ധ്യായം 3 ഖണ്ഡിക 8 (1) പ്രകാരം കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി 'വെൽഫയർ ഫണ്ട്'ആണ് രൂപീകരിച്ചിട്ടുള്ളത്. കർഷക തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ പദ്ധതി പ്രകാരം 'കോർപ്പസ് ഫണ്ട്' സംബന്ധിച്ച് പദ്ധതിയിൽ പ്രതിപാദിച്ചിട്ടില്ല. |
| ബി) തെരഞ്ഞെടുത്ത നെൽകർഷകർക്ക് മാസം തോറും നൽകുന്ന പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | ബി) കിസാൻ അഭിമാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകർഷകർക്ക് 300/- രൂപ നിരക്കിലായിരുന്നു പ്രതിമാസ പെൻഷൻ നൽകിയിരുന്നത്. എന്നാൽ ചെറുകിട നാമമാത്ര കർഷക പെൻഷൻ നിലവിൽ വന്നപ്പോൾ കിസാൻ അഭിമാൻ പദ്ധതിയിലെ കർഷകരെ കൂടി ഉൾപ്പെടുത്തി പ്രതിമാസം 400/- രൂപയായി വർദ്ധിപ്പിച്ചാണ് പെൻഷൻ നൽകുന്നത്. |
| സി) പദ്ധതിയിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | സി) കിസാൻ അഭിമാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്, പദ്ധതി അംഗത്തിന്റെ ഒരു മകൾക്ക് വിവാഹ സഹായ ധനമായി 25,000/- രൂപ നൽകി വന്നിരുന്നത്. എന്നാൽ 2012 മാർച്ച് മുതൽ നിലവിൽ വന്ന ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ വിവാഹ ധനസഹായം ഉൾപ്പെടുത്തിയിട്ടില്ല. |

Sd/-
**സെക്ഷൻ ഓഫീസർ**